(2) പി. എസ്. സി. നിയമനത്തിൽ വികലാംഗർക്ക് അർഹമായ സംവരണം.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ ..... (ബഹളം)..... സർ, ഞാൻ എന്റെ സബ്മിഷൻ അവതരിപ്പിക്കട്ടെ ..... (ബഹളം)..... സർ, എനിക്ക് സബ്മിഷൻ അവതരിപ്പിക്കാൻ പ്രൊട്ടക്ഷൻ തരണം. ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി കെ. ഇ. ഇസ്മയിൽ പറഞ്ഞത് ചെയർ കേട്ടില്ല, ചെയർ കേട്ടിട്ടില്ല. ..... (ബഹളം).....

ശ്രീ. കെ. എം. മാണി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. .....(ബഹളം).....

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : കേരളത്തിലെ .....

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിക്കുന്നില്ല.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : അന്ധരും ബധിരരും അംഗവൈകല്യമുള്ള വരുമായ കേരളത്തിലെ വികലാംഗർക്ക് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിക്കണമെന്നുള്ളതാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉള്ളത്. ഗവൺമെന്റ് സർവ്വീസുകളിൽ പി. എസ്. സി. നടത്തുന്ന ആകെയുള്ള നിയമനങ്ങളുടെ മൂന്ന് ശതമാനം ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട കെ. എം. മാണിയെപ്പോലുള്ള ആളുകൾ മനസ്സിലാക്കേണ്ടത്. ചീഫ് മിനിസ്റ്റർ സംസാരിച്ചത് മാത്രമേ പ്രൊസീഡിംഗ്സിൽ കാണുകയുള്ളൂ ....(ബഹളം).....

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : വികലാംഗരായവർക്ക് കൊടുക്കേണ്ട പോസ്റ്റുകൾ ഏത് എന്ന് പ്രത്യേകമായി കേരള സർക്കാർ റിസർവ്വ് ചെയ്തിട്ടുണ്ട്. ഏതെല്ലാം പോസ്റ്റുകളിലാണ് ബധിരരായവരെ നിയമിക്കേണ്ടത്, അംഗവൈകല്യം ഉള്ളവരെ വയ്ക്കേണ്ടത്, അന്ധരായിട്ടുള്ളവരെ നിയമിക്കേണ്ടത് എന്നുള്ളത് റിസർവ്വ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ റിസർവ്വ് ചെയ്തിട്ടുള്ള പോസ്റ്റുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർ ചെയർമാനായുള്ള റിക്രൂട്ട്മെന്റ് ബോർഡ് എല്ലാ ജില്ലകളിലുമുണ്ട്. എന്നാൽ നാളിതുവരെയുള്ള കണക്കുകൾ എടുത്തു പരിശോധിച്ചുനോക്കിയാൽ ജില്ലാ കളക്ടർമാർ ചെയർമാൻ ആയിട്ടുള്ള ഈ റിക്രൂട്ട്മെന്റ് ബോർഡ് അന്ധരായവരെ, വികലാംഗരായിട്ടുള്ളവരെ നിയമിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നില്ലെന്ന് കാണാം. അവരോട് ചോദിക്കുമ്പോൾ പറയുന്നത് പി. എസ്. സി. നടത്തിയ നിയമനം എത്ര എന്ന കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നില്ല, വേക്കൻസി റിപ്പോർട്ട് ചെയ്യുന്നില്ല എന്നൊക്കെയാണ്. പക്ഷേ ഇത്തരത്തിലുള്ള ന്യായങ്ങൾ പറഞ്ഞുകൊണ്ട് അന്ധരായവർക്കും ബധിരരായവർക്കും വേണ്ട സംവരണം ലഭ്യമാക്കാതിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. അവരോട് അവഗണന പാടില്ല. അർഹമായ സംവരണം അവർക്ക് ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ കളക്ടർ ചെയർമാൻ ആയുള്ള റിക്രൂട്ടിംഗ് ബോർഡ് എത്ര നിയമനം നടത്തി എന്ന് പരിശോധിക്കണം. അർഹമായിട്ടുള്ളത് അവർക്ക് ഉറപ്പാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : 1995-ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് വർഷംതോറും 153 വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഇത് പരിഷ്ക്കരിച്ച് വികലാംഗർക്ക് സർക്കാർ സർവ്വീസിൽ ക്ലാസ് 3, ക്ലാസ് 4 തസ്തികകളിൽ മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് 14-7-1998-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഓരോ വിഷവും പി.എസ്.സി. നടത്തുന്ന ക്ലാസ്സ് 3, ക്ലാസ് 4 നിയമനങ്ങളുടെ എണ്ണം സർക്കാരിനെ അറിയിക്കുകയും പ്രസ്തുത നിയമനങ്ങളുടെ മൂന്ന് ശതമാനം കണക്കാക്കി 14 ജില്ലകൾക്കായി വീതിച്ചും ജില്ല തിരിച്ചും സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും നടത്തേണ്ടുന്ന നിയമനങ്ങളുടെ വിശദവിവരം അതാത് കളക്ടർമാരെ അറിയിക്കുകയും അതനുസരിച്ച് വകുപ്പദ്ധ്യക്ഷന്മാർ നിയമനാധികാരികൾ റിക്രൂട്ട് ചെയ്യുന്ന ഒഴിവുകളിൽ കളക്ടർമാർ നിയമനം നടത്തുകയും ചെയ്തു വരുന്നു. ഇക്കാര്യത്തിൽ കമ്മ്യൂണൽ റിസർവേഷനും പാലിക്കുന്നത്. ഏതെങ്കിലും കാണവശാൽ ഒരു വർഷത്തെ മൂന്ന് ശതമാനം നിയമനങ്ങളിൽ കുറവ് വരുന്ന പക്ഷം പ്രസ്തുത കുറവ് അടുത്ത വർഷത്തെ നിയനങ്ങളിൽ ഉൾപ്പെടുത്തി മുഴുവൻ നിയമനങ്ങളും നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 14-7-1998-ലെ ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം 1998-ലും 1999-ലും നടത്തേണ്ട നിയമനങ്ങളുടെ വിശദവിവരങ്ങളടങ്ങിയ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ വകുപ്പിലുമുണ്ടാകുന്ന ഒഴിവുകൾ അതാത് ജില്ലാ കളക്ടർമാർ ആവശ്യപ്പെടുമ്പോൾ ഉടനടി റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ഭാഷാ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന ജില്ലകളിൽ അതാത് ഭാഷകളിൽ സർക്കാർ അപേക്ഷാ ഫാറങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : കാസർകോഡ് ജില്ല ഉൾപ്പെടെ കേരളത്തിലെ ചില ജില്ലകളിൽ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ ഒരു പ്രധാന ആവശ്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജനങ്ങളുടെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ആഫീസുകളിലെത്തുമ്പോൾ അവയുമായി ബന്ധപ്പെട്ട അപേക്ഷാ ഫാറങ്ങൾ മലയാളത്തിൽ മാത്രമാണ് ലഭിക്കുന്നത്. അതിന് പകരം ഭാഷാ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന ജില്ലകളിൽ അതാത് ഭാഷകളിൽക്കൂടി ഈ അപേക്ഷാ ഫാറങ്ങൾ ലഭ്യമാക്കണം. അതൊരു പ്രധാന ആവശ്യമാണ്. ഇക്കാര്യം പരിഗണിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏതെങ്കിലും ഒരു പ്രദേശത്ത് 15 ശതമാനമോ അതിലധികമോ ജനങ്ങൾ ഭൂരിപക്ഷ ഭാഷയല്ലാത്ത മറ്റ് ഏതെങ്കിലും ഭാഷ സംസാരിക്കുന്നുവെങ്കിൽ ആ പ്രദേശത്തെ ഭാഷാന്യൂനപക്ഷ പ്രദേശമായി കണക്കാക്കും. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർകോഡ്, എന്നീ ജില്ലകളിൽ ഇത്തരം ഭാഷാന്യൂനപക്ഷ പ്രദേശങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly